# എ.എൽ.പി. സ്കൂൾ
## ചേറുംകുളം

# അക്കാദമിക്
# മാസ്റ്റർ പ്ലാൻ

# ആമുഖം

2009 ആഗസ്റ്റ്  4 നാണ് 6 മുതൽ 14 വയസുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കിക്കൊണ്ടുള്ള വിദ്യാഭ്യാസ അവകാശനിയമം നിലവിൽ വന്നത്. ഇതിലൂടെ ജാതിമതലിംഗ വ്യത്യാസം കൂടാതെ എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാം. ശാരീരികവും മാനസികവുമായ ശിക്ഷകൾ, പണം വാങ്ങിയോ അഭിമുഖം നടത്തിയോ ഉള്ള പ്രവേശനം, സ്വകാര്യ ട്യൂഷൻ അംഗീകാരമില്ലാത്ത സ്കൂളുകൾ എന്നിവ ഈ നിയമം അനുവദനീയമല്ല.

കുട്ടിയുടെ ശരീരികവും മാനസികാവുമായ സമ്പൂർണ വളർച്ചയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. വിദ്യാഭ്യാസ അവകാശനിയാമത്തിന്റെ പശ്ചാത്തലത്തിൽ നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ ഭരണഘടന ബാധ്യതയായി മാറിയിരിക്കുന്നു. ഓരോ ക്ലാസ്സിനും വിവിധ വിഷയങ്ങളിലെ ഉള്ളടക്കം  ദേശീയതലത്തിൽ ഉള്ളടക്കത്തോടെ ഏകീകരിച്ച് കേരളത്തിന്റേതായ പദപുസ്തകങ്ങൾ തയ്യാറാക്കുന്നു.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനോടൊപ്പം അനുയോജ്യമായ വിലയിരുത്തൽ പ്രവർത്തനവും രൂപപ്പെടുത്തി നടപ്പിലാക്കുന്നു. പഠിത്താവിന്റെ താല്പര്യവും വികസനവും പരിഗണിച്ചു കൊണ്ട് വൈവിധ്യമുള്ള പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ കഴിയും വിടാം വേണം ക്ലാസ്സ്മുറി ക്രമീകരിക്കാൻ.

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കല, പ്രവൃത്തി, ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നുണ്ട്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗം പഠനത്തെ ആയസാരഹിതവും ആഹ്ലാകാരവുമാക്കി മാറ്റുന്നു.

അതോടൊപ്പം തന്നെ പ്രകൃതി  പ്രകൃതി വിഭവസംരക്ഷണം, പരിസരശുചിത്വം , ലഹരിവിരുദ്ധ മനോഭാവം, ലിംഗനീതി എന്നിവക്ക് ഊന്നൽ നൽകുന്നു.

ഒരു കുട്ടിയുടെ എല്ലാ കഴിവുകളും പരിപോഷിപ്പിച്ച് അവന്റെ സർവതോണ്മുഖമായ  വളർച്ചയും വികസനവും ഇന്നത്തെ വിദ്യാഭ്യാസ രീതി വിഭവണം ചെയ്യുന്നു.

# വിദ്യാലയ ചരിത്രത്തിലൂടെ........

1952ൽ ചേറുംകുളം പ്രദേശത്തെ ജനങ്ങളെ അറിവിന്റെ ലോകത്തേക്ക് കൊണ്ടുവരുന്നതിനുവേണ്ടി എഴുത്തച്ഛൻ എന്ന മഹത് വ്യക്തി ഓലപുര കെട്ടി ആശാൻ പള്ളിക്കൂടം തുറന്നു പ്രവർത്തിപ്പിച്ചു. സമ്പത്തികമായും സാമൂഹിക വുമായും വളരെ പിന്നോക്കം നിന്ന ഈ പ്രദേശത്ത് പള്ളിക്കൂടം വളരെ പ്രയോജനമായി മണലിലെഴുത്തും ഓലയിലെഴുത്തുമായിരുന്നു അന്നൊ ക്കെ. താല്പര്യമുള്ള വളരെ കുറച്ചുപേർ മാത്രമേ പഠിക്കാൻ എത്തിയുള്ളു. ചി ല കാരണങ്ങളാൽ പള്ളിക്കൂടം രണ്ടു വർഷത്തിനുള്ളിൽ നിർത്തേണ്ടിവന്നു.

പിന്നീട് നാട്ടിലെ പ്രമാണിയും സാമൂഹ്യ പുരോഗതിയിൽ താല്പര്യവു മുള്ള ശ്രീകൃഷ്ണൻ എന്ന വ്യക്തി മുൻകൈയെടുത്ത് അദ്ദേഹത്തിന്റെ സ്വ ന്തം സ്ഥലത്ത് കെട്ടിടം കെട്ടി സർക്കാറിൽ നിന്ന് അനുമതി വാങ്ങി വിദ്യാല യം തുടങ്ങി അതാണ് ഇന്നും ഇവിടെ പ്രവർത്തിക്കുന്ന എ. എൽ. പി. സ്കൂൾ ചേറുംകുളം.

വെള്ളിനെഴിയിലെ പദ്മനാഭൻ മാസ്റ്ററെ ഹെഡ്മാസ്റ്ററായി നിയമിച്ചു. അദ്ദേഹത്തിന്റെ ഭാര്യ തങ്കമാളു ടീച്ചറേ അധ്യാപികയായും നിയമിച്ചു. അര യംങ്ങോടുള്ള കാർത്ത്യായനി ടീച്ചറും പത്തുകുടിയിൽ നിന്ന് വന്നിരുന്ന പ ദ്മാവതി ടീച്ചറും ആയിരുന്നു ആദ്യകാല അധ്യാപകർ. പ്രദാന അദ്ധ്യാപകനാ യ പദ്മനാഭൻ മാസ്റ്റർ കഥകളി നടൻ കൂടിയായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വതിൽ ചേറുംകുളം നിവാസികളെ ബോധവത്കരിച്ച് കുട്ടികളെ സ്കൂ ളിലേക്കെത്തിക്കാനുള്ള പരിപാടികൾ ആരംഭിച്ചു. മുണ്ടക്കണ്ണി, ചേറുംകുളം, മേലാമുറി, കൈതച്ചിറ, തത്തേങ്ങലം പ്രദേശങ്ങളിലുള്ള കുട്ടികൾക്ക് പഠിക്കാ നുള്ള ഒരേഒരു ഇടാമായിരുന്നു ഇത്. കുട്ടികൾക്ക് വിദ്യാലയത്തിലേക്ക് എ ത്തിച്ചേരാൻ വളരെ പ്രയാസമായിരുന്നു. മേലാമുറിയിൽ നിന്നുവരുന്ന കുട്ടി കൾക്ക് പാത്തിപ്പാലം കടക്കണം. മുണ്ടക്കണ്ണിയിൽ നിന്ന് വരുന്നവർക്ക് കാ യ്ക്കറിപ്പൊട്ടി കടക്കണം. കൈതച്ചിറക്കാർക്ക് തോടുകടക്കണം. തത്തേങ്ങല ത്തുനിന്നു വരുന്നവർക്ക് കല്ലംപ്പൊട്ടി കടക്കണം. പാലങ്ങൾ ഇല്ലാതിരുന്ന കാ ലമായിരുന്നു അന്ന്.

കുട്ടികൾക്ക് വിദ്യാലയങ്ങളിൽ വരാൻ വളരെ മടിയുള്ള കാലം. അധ്യാ പകർ രാവിലെ ഓരോ വീട്ടിലുമെത്തി കുട്ടികളെ കൂട്ടികൊണ്ടുവേണം സ്കൂളി ൽ എത്താൻ. ദാരിദ്ര്യം അനുഭവിച്ച ഒരു ജനാവിഭാഗമായിരുന്നു ഇവിടെയുള്ള ത്. ഈ സ്കൂളിനെ ഒരു നല്ല സ്കൂളാക്കി മാറ്റാൻ മാനേജറും പ്രധാന അദ്ധ്യാ പകൻ പദ്മനാഭൻ മാസ്റ്ററും വളരെ ബുദ്ധിമുട്ടിയിട്ടുണ്ട്. പല പ്രധാന അധ്യാ പകർ മാറി വന്നെങ്കിലും പ്രധാന അദ്ധ്യാപകനായി ചേറുംകുളം നിവാസികൾ ഇന്നും പറയുന്നത് പദ്നാഭൻ മാസ്റ്ററെ ആണ്.

മാനേജർ എൻ. കൃഷ്ണന്റെയും പദ്മനാഭൻ മാസ്റ്ററുടെയും പ്രവർത്തന ഫലമായി നാലാം തരം വരെയുള്ള ക്ലാസ്സുകളിൽ 2 ഡിവിഷൻ അനുവദിച്ചു കിട്ടുകയും 8 അധ്യാപകരും അറബിക് പഠിപ്പിക്കുന്നതിനായി ഒരു പാർട്ട് ടൈം അദ്ധ്യാപകനും ഉണ്ടായിരുന്നു.

മാനേജർ എൻ. കൃഷ്ണന്റെ നിര്യാണത്തെ തുടർന്ന് മകൾ ശ്രീമതി. കാലാവതി മാനേജറായി സ്ഥാനം ഏറ്റെടുത്തു. ഇപ്പോഴും അവർ തുടർന്ന് വരുന്നു.

ഇപ്പോൾ ശാന്തകുമാരി. എസ്. എസ് ഹെഡ് മിസ്ട്രെസ്സായും 6 അധ്യാപകരും ഒരു ഫുൾടൈം അറബി അദ്ധ്യാപകനും ബിവടെ സേവനം അനുഷ്ഠിച്ചുവരുന്നു. സ്കൂളിന് സ്വന്തമായി വണ്ടി ഉള്ളത് കാരണം കുട്ടികൾക്ക് യാത്രക്ക് ബുദ്ധിമുട്ടില്ല. പഠിക്കാൻ ആവശ്യമായ കമ്പ്യൂട്ടറുകളും നല്ല രീതിയിൽ ഒരുക്കിയിട്ടുള്ള ലൈബ്രറിയും വിശാലമായ കളി സ്ഥലവും ഒറ്റകെട്ടായുള്ള അദ്ധ്യാപകരുടെയും മാനേജരുടെയും പി. ടി. എ. യുടെയും സഹകരണം കൊണ്ടും ഈ വിദ്യാലയം നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

## അടിസ്ഥാന സൗകര്യങ്ങൾ.......

1 മുതൽ 4 വരെ ഉള്ള ക്ലാസ്സുകളിലായി 125 ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്. എല്ലാ മേഖലകളിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ശ്രദ്ധ ചെലുത്തിയാലേ നല്ലൊരു പുരോഗതിയിലേക്ക് നയിക്കാൻ സാധിക്കൂ.

കമ്പ്യൂട്ടറുകൾ, പ്രൊജക്ടർ എന്നിവ ആവശ്യത്തിനുണ്ട്, കുടിവെള്ള ലഭ്യതക്ക് കിണർ ഉണ്ട്, പമ്പിൽ സെറ്റ് സ്ഥാപിച്ച് ടാപ്പിലൂടെ കുട്ടികൾക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നുണ്ട്. ഉള്ള സ്ഥലത്തെ പ്രയോജനപ്പെടുത്തി മുൻപിലൊരു പൂന്തോട്ടവും അടുക്കളതോട്ടവും ഒരുക്കിയിട്ടുണ്ട്. മൈതാനത്തിൽ കാക്കക്കിരിക്കാൻ പോലും തണലില്ലാത്ത അവസ്ഥ മാറ്റി അരികുകളിലെല്ലാം മരം വെച്ചു പുടിപ്പിച്ച് പ്രകൃതി സംരക്ഷണത്തിൽ നാം പങ്കാളികളവാൻ ശ്രമിക്കുന്നു. ഗ്യാസ് ഉൾപ്പെടെയുള്ള നൂതന പാചകസംവിധാനങ്ങൾ നമുക്കുണ്ട്.

എല്ലാ വിദ്യാർത്ഥികളെയും ഭാഷയുടെയും ഗണിതത്തിന്റെയും അടിസ്ഥാന ശേഷികൾ കൈവരിക്കാൻ പ്രാപ്തരാക്കാൻ ശ്രമിക്കുന്നു. ആത്മാർത്ഥമായ ഈ പരിശ്രമത്തിൽ ഒരു പരിധി വരെ വിജയിക്കുന്നുണ്ട്. കലാകായിക പ്രവൃത്തി പരിചയ മേളകളിൽ പങ്കെടുക്കാറുണ്ട്. സാമൂഹിക പങ്കാളിത്തം ഉറപ്പാക്കാൻ ശ്രമിക്കുന്നു. ശുചിത്വം, ലഹരി വിമുക്ത ഗ്രാമത്തിനായി പ്രവർത്തിക്കുന്നു. വാർഷികാഘോഷങ്ങൾ മികവുറ്റത്തും സാമൂഹിക പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാക്കാറുണ്ട്. രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പിന്തുണ വിദ്യാലയത്തിന്റെ ശക്തിയാണ്. ആ ശക്തിയെ മെച്ചപ്പെടുത്തി വിദ്യാല

യവികസനത്തിനായി ഒന്നിച്ചു മുന്നേറാം.

എൽ. എസ്. എസ്. പോലുള്ള മേഖലകളിൽ നേട്ടങ്ങൾ കൊയ്യാൻ നമ്മുടെ വിദ്യാലയത്തിനായിട്ടുണ്ട്. വൈദ്യശാസ്ത്ര, വാണിജ്യ വ്യവസായ മേഖലകൾ, സൈന്യം, കലാ കായികം തുടങ്ങി സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഇവിടുത്തെ വിദ്യാർത്ഥികളുണ്ട്.

## പൊതു ലക്ഷ്യങ്ങൾ

1. വിവിധ വിഷയങ്ങളിൽ ഉള്ള ബോധവത്കരണ ക്ലാസ്സ്.
2. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ബ്രിഡ്ജ് കോഴ്സ്.
3. ഭാഷാ ഗണിത മേഖലകളിൽ അടിസ്ഥാന ശേഷി കൈവരിക്കാൻ ഏവരെയും പ്രാപ്തരാക്കുക.
4. കലാ കായിക പ്രവൃത്തി പരിചയ മേഖലകളിൽ കൂടുതൽ പങ്കാളിത്തം.
5. ശുചിത്വ പ്ലാസ്റ്റിക് വിമുക്ത ഗ്രാമം.
6. ലഹരി വിരുദ്ധ മനോഭാവം ലഹരി വിമുക്ത ഗ്രാമം.
7. മികച്ച സാമൂഹിക പങ്കാളിത്തം.
8. മികച്ച സ്മാർട്ട് ക്ലാസുകൾ.
9. ഇംഗ്ലീഷിൽ മികച്ച പരിശീലനം.
10. ജൈവ കൃഷി.
11. ക്വിസ് മത്സരങ്ങൾ പത്രത്തിലേക്കെടുപ്പിക്കൽ ( പൊതുവിജ്ഞാനം വർധിപ്പിക്കാം ).
12. ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ചുള്ള കമ്പോസ്റ്റ്.
13. കലാകായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നു.
14. ജൈവ വൈവിദ്ധ്യ പാർക്ക്.
15. മഴവെള്ള സംഭരണി.
16. മുറ്റത്തൊരു വായന.
17. പൂന്തോട്ടം.
18. കൗൺസിലിങ് ക്ലാസുകൾ.
19. പരീക്ഷണ ശാലകൾ.
20. ടാലെന്റ് ലാബ്.
21. മികച്ച ക്ലാസ്സ് മുറികൾ.

22. ഊട്ടുപുര.

23. അമ്മമാരുടെ പച്ചക്കറി കൃഷി.

**<u>നാം നമുക്കായി ഭാഷാ  ഗണിത വികസനം</u>**

ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉള്ള പദ്ധതി.

മാതൃകാപരമായി ജൈവ വൈവിധ്യ ഉദ്യാനം ഉണ്ടാകുന്നതിനും കുട്ടികളെ പരിസ്ഥിതിയോടടിപ്പിക്കുന്നത്തിനും ഉള്ള പദ്ധതികൾ.

**<u>പ്രവർത്തനങ്ങൾ</u>**

* യോജിച്ച സ്ഥലം കണ്ടെത്തൽ, സൗകര്യം ഒരിക്കൽ (2013 –2028 ജനുവരി മെയ് ).
* ലിസ്റ്റ് തയ്യാറാക്കി ചെടികൾ കണ്ടെത്തൽ, അദ്ധ്യാപകരെയും കുട്ടികളെയും ചുമതല ഏല്പിക്കൽ, ചെയ്യേണ്ട പ്രവർത്തനങ്ങൾ ഏൽപ്പിക്കൽ ( ജൂൺ ജൂലൈ ).
* സ്കൂളിന് ചുറ്റും മരങ്ങൾ നടൽ.

**<u>നിർവഹണ ചുമതല</u>**

കാർഷിക ക്ലബ്ബിലെ അംഗങ്ങൾ

**<u>മുറ്റത്തൊരു വായന</u>**

കുട്ടികളെ വയനാലോകത്തേക്ക് കൈപിടിച്ചുയർത്തുവാനും വായന പരിപോഷിപ്പിക്കുന്നതിനും.

**<u>ലക്ഷ്യം</u>**

നല്ല വായനക്കാരാക്കുക.

**<u>പ്രവർത്തനങ്ങൾ</u>**

* പുസ്തകങ്ങൾ തിരഞ്ഞെടുക്കൽ.
* പുസ്തകങ്ങൾ നൽകുവാനും നേതൃത്വം നൽകാനുമുള്ളവരെ കണ്ടെത്തൽ.

**നിർവഹണ ചുമതല**

വിദ്യാരംഗം കലാസ്സാഹിത്യ വേദിയിലെ അംഗങ്ങൾ.

## Hello English

ആധുനിക കാലഘട്ടത്തിനനുസരിച്ച് ഇംഗ്ലീഷ് പഠനത്തിൽ കുട്ടികളെ സജ്ജരാക്കാനുള്ള പദ്ധതി.

**ലക്ഷ്യം**

ഒഴുക്കൊടെ പേടിയില്ലാതെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തൽ.

**പ്രവർത്തനങ്ങൾ**

* കുട്ടികളെ തിരഞ്ഞെടുക്കൽ
* പരിശീലനത്തിനാവശ്യമായ സമയം, മോഡ്യൂൾ, പരിശീലനം നൽകുന്നവർ എന്നിവ തിരഞ്ഞെടുക്കൽ.

**ബാല സഭ ഇംഗ്ലീഷ്.**

* ഇംഗ്ലീഷിൽ മികച്ച വായനക്കാർ കണ്ടെത്തൽ.
* മാസത്തിൽ ഒരു ഇംഗ്ലീഷ് കഥ.

**ടാലെന്റ് ലാബ്**

**ലക്ഷ്യം**

കഥ, കവിത, ചിത്രം വര, നടൻ പാട്ട്, മേളം എന്നീ മേഖലകളിലെ കഴിവ് വികസിപ്പിക്കൽ.

**പ്രവർത്തനങ്ങൾ**

* ഓരോ മേഖലയിലും കഴിവുള്ള കുട്ടികളെ കണ്ടെത്തൽ.
* പരിശീലനം നൽകുന്നതിനായി പ്രഗൽഭരെ കണ്ടെത്തൽ.
* ശിൽപ്പാശാലകൾ സംഘടിപ്പിക്കൽ.
* സഹവാസ ക്യാമ്പുകൾ

സോപ്പ്, ചന്ദനത്തിരി, ചോക്ക്, ചവിട്ടി നിർമ്മാണം

**ലക്ഷ്യം**

പ്രവൃത്തി പരിചയ മേഖലകളിൽ താല്പര്യമുള്ളവർക്കും ഭിന്നശേഷിക്കാർക്കും സ്വയം തൊഴിൽ പരിശീലനം നൽകുന്നതിന്.

**<u>പ്രവർത്തനങ്ങൾ</u>**

* കുട്ടികളെ തിരഞ്ഞെടുക്കൽ.
* പരിശീലകരെ കണ്ടെത്തൽ.
* പരിശീലന ക്ലാസുകൾ.
* ആവശ്യമായ സാധനങ്ങൾ സംഘടിപ്പിക്കൽ.

**<u>ക്വിസ് മത്സരങ്ങൾ</u>**

ലക്ഷ്യം :- പത്രവായന ശീലമാക്കുക, കുട്ടികളിലെ പൊതു വിജ്ഞാനം വർധിപ്പിക്കുക.

**<u>പ്രവർത്തനങ്ങൾ</u>**

* ഓരോ ക്ലാസ്സിലേക്കും വേണ്ട പത്രങ്ങൾ സംഘടിപ്പിക്കൽ.
* ഓരോ ആഴ്ചയിലെയും പ്രധാന സംഭവങ്ങൾ, വാർത്തകൾ കണ്ടെത്തൽ ചർച്ച.
* വെള്ളിയാഴ്ചകളിൽ ക്വിസ് മത്സരം സംഘടിപ്പിക്കൽ.

**<u>കമ്പോസ്റ്റ്</u>**

ലക്ഷ്യം : ജൈവ അജൈവ മാലിന്യങ്ങളെ വേർതിരിച്ചുള്ള കമ്പോസ്റ്റ് നിർമ്മാണം.

**<u>പ്രവർത്തനങ്ങൾ</u>**

* സ്ഥലം തയ്യാറാക്കൽ.
* ആവശ്യമായ സാധന സാമഗ്രികൾ സംഘടിപ്പിക്കൽ.
* ജൈവ അജൈവ മാലിന്യങ്ങൾ തിരിക്കൽ.

**<u>പരീക്ഷണ ശാലകൾ</u>**

ലക്ഷ്യം :- ശാസ്ത്രാവബോധം വളർത്തൽ.

**<u>പ്രവർത്തനങ്ങൾ</u>**

* കുട്ടികളെ തിരഞ്ഞെടുക്കൽ.
- അനുയോജ്യരായ പരിശീലകരെ കണ്ടെത്തൽ.
* ലാഘു പരീക്ഷണ ക്ലാസുകൾ സംഘടിപ്പിക്കൽ.

**അമ്മമാരുടെ പച്ചക്കറി കൃഷി**

ലക്ഷ്യം : ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ വിദ്യാലയത്തിൽ തന്നെ വിഷവിമുക്തമായി തയ്യാറാക്കൽ.

**പ്രവർത്തനങ്ങൾ**

* കൃഷിയിൽ താല്പര്യമുള്ള അമ്മമാരുടെ കൂട്ടായ്മ രൂപീകരിക്കൽ.
* വിത്ത് സംഘടിപ്പിക്കൽ വിതരണം.
* സ്ഥലം ഒരുക്കൽ.
* ചുമതലാവിഭജനം.

**നാം നമുക്കായ്**

ലക്ഷ്യം : ഭാഷാ ഗണിത മേഖലകളിൽ പിന്നോക്കക്കാരെ മുൻനിരയിൽ എത്തിക്കൽ.

**പ്രവർത്തനങ്ങൾ**

* പ്രീ ടെസ്റ്റ്.
* പഠിത്താക്കളെ കണ്ടെത്തൽ.
* ചുമതല വിഭാജനം.
* ഇടവേളകളിൽ പ്രത്യേക ക്ലാസുകൾ മോഡ്യൂൾ തയ്യാറാക്കൽ.

**പൂന്തോട്ടം**

കുട്ടികളിൽ മാനസിക ഉല്ലാസം ഉണ്ടാകുന്നതിനും പ്രകൃതിയിലേക്ക് അടുപ്പിക്കുന്നതിനും പൂന്തോട്ടം ആവശ്യമാണ്.

**അക്കാദമിക മേഖലയിലെ പ്രവർത്തനങ്ങൾ**

ദിനാചാരണങ്ങൾ

ലക്ഷ്യം : ദിനാചാരണങ്ങളെ അധിക പഠന സന്ദർഭങ്ങളാക്കുക, സാമൂഹിക ബോധമുള്ള പൗരന്മാരെ വളർത്തിയെടുക്കുക.

**ഒന്നാം ടെർമിൽ നടത്തേണ്ട പ്രവർത്തനങ്ങൾ.**

## ഒന്നാം ടേമിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

1. പഠനോപകരണ ശില്പ ശാലകൾ.
2. ക്ലാസ്സ് പി. ടി. എ.
3. SRG യോഗത്തിലെ ക്ലാസ്സ് അനുഭവ റിപ്പോർട്ട്.
4. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും.
5. സചിത്ര നോട്ട്ബുക്, സചിത്ര ആസൂത്രണകുറിപ്പ് തയ്യാറാക്കൽ.
6. സചിത്ര നോട്ട്ബുക്, സംയുക്ത ഡയറി എന്ന ആശയം രക്ഷിതകളെ ബോധ്യപെടുത്തൽ.
7. കുട്ടിക്ക് സ്വയം വിലയിരുത്തനും, പരസ്പരം വിലയിരുത്തനും, അദ്ധ്യാപകരക്ഷാകർത്തൃ വിലയിരുത്തൽ രീതികൾ ബോധ്യപ്പെട്ട് കൂടുതൽ പിന്തുണ ഉറപ്പാക്കുക.
8. വയനോത്സവം, രചനോത്സവം.
9. പോസ്കോ സംബന്ധമായ ബോധന ക്ലാസുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും.
10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ആണ് രൂപീകരണ പ്രവർത്തനങ്ങൾ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

## ഒരു അക്കാദമിക വർഷത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

### പ്രവർത്തന ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ ചെറുവാക്യങ്ങൾ എഴുതുവാൻ കഴിവ് നേടുന്നു.
2. എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവ് നേതുന്നു.
3. എല്ലാ കുട്ടികളും സചിത്ര ഡയറി തയ്യാറാക്കുന്നു.
4. രക്ഷിതാക്കളുടെ പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നു.
5. ആകർഷകവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു.
6. സംഖ്യബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം എന്നിവ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
7. പരിസരപഠനവുമായി ബന്ധപ്പെട്ട ലഘുനിർമ്മാണ, പരീക്ഷണ പ്രൊജക്ടുകളിൽ ധാരണ നേടുന്നു.
8. ഇംഗ്ലീഷിലുള്ള അടിസ്ഥാന ഭാഷാശേഷികൾ ആർജ്ജിക്കുന്നു.
9. പാട്ടരങ്ങിലൂടെ കൂടുതൽ കുട്ടിപ്പാട്ടുകൾ പരിചയപ്പെടുന്നു.
10. അഭിനയമികവുകൾ കണ്ടെത്തുന്നു.
11. സന്ദർഭത്തിനനുസൃതമായി ചിത്രങ്ങൾ വരക്കുന്നതിനും നിറം നൽകുന്നതിനും എല്ലാവരും കഴിവ് നേടുന്നു.
12. വായനാസാമഗ്രികൾ വായിച്ച് ആശയം കണ്ടെത്തുന്നതിന് സാധിക്കുന്നു.
13. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്.

**ലക്ഷ്യം :**

നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടേയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

**പൊതുതത്വങ്ങൾ**

* കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം
* സർഗാത്മകതക്കും സ്വയംപഠനത്തിനും പ്രാധാന്യം.
* സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
* സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം
* കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| പ്രവേശനോത്സവം ജൂൺ 1 | ശിങ്കാരിമേളത്തോടുകൂടി മുതിർന്ന കുട്ടികൾ നവാഗതരെ ആനയിക്കൽ, മധുര വിതരണം, സമ്മാനപ്പൊതി കൈമാറൽ | ജൂൺ 1 | പി.ടി.എ. അധ്യാപകർ |
| പരിസ്ഥിതി ദിനാചരണം | വൃക്ഷത്തൈ വികരണം, ശേഖരണം, പരിസിഥിതി പ്രതിജ്ഞ, സ്കൂളിൽ മരം നടീൽ, പോസ്റ്റർ നിർമ്മാണം, ജൈവ വൈവിധ്യാ പർക്ക് നിർമ്മാണോദ്ഘാടനം,, അമ്മമാരുടെ പച്ചക്കറി കൃഷി ഉദ്ഘാടനം, ലൈബ്രറി ഒരുക്കൽ, പുസ്തക വിതരണം, പരിസ്ഥിതി ഗീതങ്ങൾ. | ജൂൺ 5 – 12 | ക്ലാസ് ടീച്ചർ പരിസ്ഥിതി ക്ലബ്ബ് |
| വായനാദിനം ജൂൺ 19 | വായനാദിന പ്രതിജ്ഞ, മുറ്റത്തൊരു വായന, അമ്മമാരോടൊത്ത് വായിക്കാം, പോസ്റ്റർ രചന, വായനാമത്സരം, കുറിപ്പ്, സാഹിത്യകാരന്മാരുടെ പരിചയപ്പെടുത്തൽ | ജൂൺ 19–25 | ക്ലാസ് ടീച്ചർ പി.ടി.എ. |
| ലഹരിവിരുദ്ധദിനാചരണം | ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിക്കൽ, സി.ഡി. പ്രദർശനം, ലഹരി വിരുദ്ധ റാലി, ലഘുലേഖ വിതരണം, പോസ്റ്റർ, പ്ലക്കാർഡ് നിർമ്മാണം. | ജൂൺ 26 | ഹെൽത്ത് ക്ലബ്ബ് |
| ബഷീർ അനുസ്മരണം ജൂലായ് 5 | ബഷീർ കൃതികൾ, കഥാപാത്രം പരിചയപ്പെടൽ, അഭിനയം, സി.ഡി. പ്രദർശനം | ജൂലായ് 5 | വിദ്യാരംഗം കലാ സാഹിത്യവേദി |
| ജനസംഖ്യാദിനാചരണം ജൂലായ് 11 | കേരളം – ജില്ലകളിലെ ജനസംഖ്യ ഇന്ത്യ – സംസ്ഥാനങ്ങൾ ജനസംഖ്യ | ജൂലായ് 11 | ക്ലാസ് ടീച്ചർ |
| ചാന്ദ്രദിനം ജൂലായ് 21 | ക്വിസ്, ബഹിരാകാശ ജാലകം, സി.ഡി. പ്രദർശനം, ചാന്ദ്രയാത്രികരുമായി സംവാദം | ജൂലായ് 21 | ശാസ്ത്രക്ലബ്ബ് |
| ഹിരോഷിമദിനം ആഗസ്റ്റ് 6 | സമാധാന സന്ദേശറാലി, പോസ്റ്റർ രചന | ആഗസ്റ്റ് 6 | ശാസ്ത്രക്ലബ്ബ് |
| സ്വാതന്ത്ര്യ ദിനാഘോഷം ആഗസ്റ്റ് 15 | ക്വിസ്, ദേശീയ പതാക നിർമ്മാണം, ക്ലാസ്തല പതിപ്പുകൾ, അമ്മമാർക്കുള്ളക്വിസ്, റാലി, പായസ വിതരണം, സി.ഡി. പ്രദർശനം, ദേശഭക്തിഗാന മത്സരം | ആഗസ്റ്റ് 15 | പി.ടി.എ. എച്ച്.എം. |

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| കർഷകദിനം ആഗസ്റ്റ് 17 | കർഷകനുമായി അഭിമുഖം പച്ചക്കറികൃഷി വിപുലീകരണം | ആഗസ്റ്റ് 17 | കാർഷിക ക്ലബ്ബ് |
| ഓണാഘോഷം ആഗസ്റ്റ് 20 | പൂക്കളമത്സരം, ഓണസദ്യ, ഓണപതിപ്പ്, ഓണപ്പാട്ടുകൾ ശേഖരണം, അവതരണം | ആഗസ്റ്റ് 20 | പി.ടി.എ. വിദ്യാരംഗം |
| അധ്യാപകദിനം സെപ്തംബർ 5 | പഴയകാല അധ്യാപകരെ ആദരിക്കൽ | സെപ്തം ബർ 5 | എച്ച്.എം. |
| വൃദ്ധദിനം ഒക്ടോബർ 1 | പ്രായമായവരെ ആദരിക്കൽ, അനുഭവങ്ങൾ പങ്കിടൽ, വസ്ത്ര വിതരണം | ഒക്ടോബർ 1 | എച്ച്.എം. പി.ടി.എ. |
| ഗാന്ധിജയന്തി ഒക്ടോബർ 2 | ശുചിത്വവാരം, ഗാന്ധി ക്വിസ്, ഞാൻ ഗാന്ധി – വേഷം, ഗാന്ധി – സിനിമ പ്രദർശനം, പതിപ്പ് | ഒക്ടോബർ 2 | ഹെൽത്ത് ക്ലബ്ബ് പി.ടി.എ. |
| ദേശീയ തപാൽ ദിനം ഒക്ടോബർ 10 | പോസ്റ്റോഫീസ് സന്ദർശനം, കൂട്ടുകാർക്ക് കത്തെഴുതാം, സ്റ്റാമ്പ്, കാർഡ്, ഇൻലെന്റ് പ്രദർശനം | ഒക്ടോബർ 10 | ക്ലാസ് ടീച്ചർ |
| കേരളപ്പിറവി ദിനം നവംബർ 1 | കേരളം – ക്വിസ് അടിസ്ഥാന വിവരങ്ങൾ, പതിപ്പ് നിർമ്മാണം, കേരളപ്പഴമ പ്രദർശനം | നവംബർ 1 | ക്ലാസ്സ് ടീച്ചർ |
| ദേശീയവിദ്യാഭ്യാസ ദിനം നവംബർ 11 | പൂർവ്വവിദ്യാർത്ഥി സംഗമം | നവംബർ 11 | എച്ച്.എം. പി.ടി.എ. |
| ശിശുദിനം നവംബർ 14 | ചാച്ചാജി അനുസ്മരണം, റാലി, നെഹ്റുത്തൊപ്പി നിർമ്മാണം, മധുരവിതരണം, ചുമർമാസിക, ബാലസഭ | നവംബർ 14 | വിദ്യാരംഗം പി.ടി.എ. |
| റിപ്പബ്ലിക് ദിനം ജനുവരി 26 | ക്വിസ് പതിപ്പ്, മധുരവിതരണം | ജനുവരി 26 | പി.ടി.എ. അധ്യാപകർ |
| മാതൃഭാഷാദിനം ഫെബ്രുവരി 21 | സംസ്ഥാനം, മാതൃഭാഷാശേഖരണം, നാം ഉപയോഗിക്കുന്ന മലയാളമല്ലാത്ത പദങ്ങൾ കണ്ടെത്തൽ | ഫെബ്രുവരി 21 | ക്ലാസ് ടീച്ചർ |
| ശാസ്ത്രദിനം ഫെബ്രുവരി 28 | ലഘു പിരീക്ഷണങ്ങളിൽ ഏർപ്പെടൽ | ഫെബ്രുവരി 28 | ശാസ്ത്രക്ലബ്ബ് |

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായ വായനാലോകത്തേക്ക് എത്തിക്കുക | അക്ഷരങ്ങൾ ഉറപ്പിക്കൽ, ചിഹ്ന ങ്ങൾ ഉറപ്പിക്കൽ, അക്ഷരകാർഡ്, അക്ഷരചിഹ്നം ഉപയോഗിച്ച് പദ നിർമ്മാണം, കഥ പറയൽ, കഥ ബാക്കി പറയൽ, എഴുതൽ, പത്ര വായന, വായിച്ച് കഥ പറയാം, ബാലമാസിക വായന, അമ്മ വായന, ക്ലാസ് ലൈബ്രറി വായ ന, മറ്റൊരു വായന, ലൈബ്രറി നവീകരണം, സാഹിത്യ ശിൽപ ശാല, വായനകുറിപ്പ് പതിപ്പ്, സ്വതന്ത്രരചന സഞ്ചരിക്കുന്ന ലൈബ്രറി. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| കുട്ടിയെ മികച്ച എഴു ത്തുകാരനാക്കുക | പുസ്തക ചർച്ച, ചുമർ പത്രികാ നിർമാണം, ബാലസഭ വായനാകു റിപ്പ്, സർഗസൃഷ്ടികൾ, സാഹിത്യ ശിൽപശാല, വാർത്താബോർഡ്. | ജൂലായ് മുതൽ മാർച്ച് വരെ | എച്ച്.എം. ക്ലാസ് ടീച്ചർ |
| തന്റെ ചുറ്റുപാടിനെ അറിഞ്ഞ് ഇണങ്ങി ജീവിക്കാൻ, സംരക്ഷി ക്കാൻ | സസ്യങ്ങളെ അറിയൽ, പച്ചക്കറി തോട്ടം സന്ദർശനം, പഠനയാത്ര കൾ, ജൈവവൈവിധ്യപാർക്ക് നിർമ്മാണം, ഔഷധതോട്ട നിർമ്മാണം, മലിനീകരണം - ദോഷങ്ങൾ അറിയാം, പതിപ്പ് തയ്യാറാക്കൽ, പൂന്തോട്ടനിർമ്മാ ണം, പരിസരം പ്ലാസ്റ്റിക് വിമുക്ത മാക്കൽ, കമ്പോസ്റ്റ് കുഴി നിർമ്മാ ണം, മഴക്കുഴി നിർമ്മാണം, ബോധവത്കരണക്ലാസ്സ്. | ജൂൺ 5 മുതൽ മാർച്ച് വരെ | സസ്യങ്ങൾ, വിത്തുകൾ, ഫീൽഡ് ട്രിപ്പ് |
| മണ്ണുസംരക്ഷണം | വിവിധ മണ്ണുകൾ അറിയാൻ, മണ്ണ് ശേഖരണം, വിവിധ പരീക്ഷ ണങ്ങൾ, മണ്ണിന്റെ ഉപയോഗം | ആഗസ്റ്റ് മുതൽ ഡിസംബർ വരെ | വിവിധതരം മണ്ണുകൾ |
| സംഖ്യാബോധം | സംഖ്യകളെ അറിയൽ, കൂടുതൽ, കുറവ്, വലുത്, ചെറുത് തിരിച്ചറി യുന്നു. സംഖ്യാകാർഡ്, സംഖ്യാ ചക്രം, അബാക്കസ് ഉപയോഗി ച്ചുള്ള പ്രവർത്തനങ്ങൾ. | ജൂൺ മുതൽ നവംബർ വരെ | അധ്യാപകർ |
| ചതുഷ്ക്രിയകൾ ഉറപ്പി ക്കൽ | കുസൃതിക്കണക്കുകൾ, പസിലു കൾ, പിന്നോക്കക്കാർക്ക് പ്രത്കേയ ക്ലാസ്സുകൾ. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | അധ്യാപകർ |
| കളിയിലൂടെ കണക്ക് പഠിക്കാം (ഐ.ടി.) | കമ്പ്യൂട്ടർ ഗെയിമിലൂടെ ചതു ഷ്ക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | സെപ്തം ബർ | അധ്യാപകർ ക്ലാസ് ടീച്ചർ |

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| Hello English | Special coaching for English, English assembly, distribution for reading materials. | ജൂൺ മുതൽ മാർച്ച് വരെ | Reading cards, story books |
| പഠനോപകരണ നിർമ്മാണ ശിൽപശാല | ഓരോ ക്ലാസിലേക്കും ആവശ്യമായ പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ, വിദഗ്ദരെ കണ്ടെത്തൽ, ശിൽപശാല സംഘടിപ്പിക്കൽ. | ജൂലായ് | അധ്യാപകർ |
| നാം നമുക്കായ് | പ്രീ–ടെസ്റ്റ് നടത്തൽ, കൂടുതൽ ശ്രദ്ധ ആവശ്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കൽ, അവർക്കായി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. മലയാളത്തിളക്കം ശ്രദ്ധ എന്നീ പ്രവർത്തനങ്ങളുടെ തുടർച്ച. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. അധ്യാപകർ |
| ക്ലബ്ബുകളുടെ രൂപീകരണം പൊതുവിജ്ഞാനസദസ്സ് | ഹെൽത്ത് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, ഗണിതക്ലബ്ബ്, കാർഷിക ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, വിദ്യാരംഗം രൂപീകരണം, ക്ലബ്ബുകളുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾക്കു പുറമേയുള്ള പ്രവർത്തനങ്ങൾ ഹെൽത്ത് ചെക്ക്അപ്പ്, ആരോഗ്യ ബോധവത്കരണക്ലാസ്സ്, ലഹരി വിരുദ്ധ ബോധവത്കരണക്ലാസ്സ് | ജൂൺ മുതൽ | അധ്യാപകർ |
| അസംബ്ലി | എല്ലാ ദിവസവും അസംബ്ലി, ബുധനാഴ്ച ഇംഗ്ലീഷ് അസംബ്ലി, അസംബ്ലിയിൽ 1, 2, ക്ലാസുകാരുടെ കഥ / കവിത 3, 4 ക്ലാസുകാർക്ക് സ്പീച്ച് ന്യൂസ് എന്നിവ നടത്തുന്നു. | ജൂൺ 5 മുതൽ മാർച്ച് വരെ | ഹെൽത്ത് ക്ലബ്ബ് ക്ലബ്ബുകൾ |
| പൂർവ്വവിദ്യാർത്ഥി സംഘടന | ജനറൽ പി.ടി.എ. സംഘടന രൂപീകരിക്കുന്നു. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | സെപ്തംബർ | എച്ച്.എം. അധ്യാപകർ |
| ഗൃഹസന്ദർശനം | ഓരോരുത്തരുടേയും വീട് സന്ദർശിക്കുന്നു. അവസ്ഥാവിശകലനം, സഹായം ആവശ്യമുള്ളവരെ കണ്ടെത്തൽ, സഹായസഹകരണം നൽകൽ. | ജൂൺ മുതൽ | അധ്യാപകർ |

ആധുനിക കാലത്തെ വെല്ലുവിളികളെ അതിജീവിച്ച് നല്ലൊരു സമൂഹത്തെ വാർത്തെടുക്കുക എന്ന വലിയ ലക്ഷ്യമാണ് നമ്മുടെ മുന്നിലുള്ളത്. സാമൂഹിക, ഭൗതിക മേഖലകളിൽ കഴിയുന്നത്ര പുരോഗതി കൈവരിച്ച് മുന്നേറാൻ പി.ടി.എ. യുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും സഹായസഹകരണങ്ങളോടെ നല്ലൊരു നാളേക്കായി നമുക്കൊരുമിച്ച് മുന്നേറാം....

## എ.എൽ.പി. സ്കൂൾ, ചേറുംകുളം
## മാസ്റ്റർ പ്ലാൻ അറബിക്

| പ്രവർത്തനം | പ്രവർത്തന രീതി | സമയം | ഭൗതീകം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ലോകഭാഷകളിൽ മൂന്നാംസ്ഥാനത്ത് നിൽക്കുന്ന അറബിഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | 1. മികവിന്റെ വഴിയിൽ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക, മുന്നറിവ് പരിശോധിക്കൽ, അക്ഷരങ്ങൾ ഉറപ്പിക്കൽ,വാചകങ്ങൾ നിർമ്മിക്കൽ, ഭാഷാകളികൾ | 2 മാസം | പുസ്തകങ്ങൾ വർക്ക് കിറ്റുകൾ സിഡികൾ | BRC LSG SMC PTA |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠന നേട്ടങ്ങൾ മുഴുവൻ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക. | 2. വായനാവസന്തം, വായനാമത്സരം, ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന), അറബിക് പത്രവായന / റേഡിയോ | 6 മാസം | പത്രങ്ങൾ മാഗസിനുകൾ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറി | BRC LSG SMC PTA OSF |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | 3. എഴുത്തുത്സവം, എഴുത്തികൂട്ടം, പതിപ്പുകളുടെ നിർമ്മാണം, വായനാകുറിപ്പ് ശേഖരണം, ഇൻലെൻറ് മാഗസിൻ, ചുമർപത്രങ്ങൾ, പോസ്റ്ററുകൾ, ഭാഷാകളികൾ | 12 മാസം | അസംബ്ലി ചാർട്ടുകൾ പത്രങ്ങൾ | PTA BRC DIET |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠനനേട്ടത്തിലൂടെ ഉറപ്പുവരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | 4. അറബിക് കമ്മ്യൂണിക്കേഷൻ ആശയവിനിമയ വേദി ക്ലാസ്തലം, മൊബൈൽ ലിസണിംഗ്, സ്പീക്കിംഗ്, യാത്രകൾ, അറബിക് മേള (നാടകം, മോണോആക്്ട്, പ്രസംഗം, സംഭാഷണം), ഭാഷാകളികൾ, അറബിക് അസംബ്ലി, ഭാഷാ പ്രദർശനം, ഭാഷാക്യാമ്പ്. | 24 മാസം | ഐടിസി പുസ്തകങ്ങൾ സിഡികൾ | BRC LSG SMC PTA |
| സർഗ്ഗ കഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക. | 5. ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്റൂം, അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, സിനിമ, ആനിമേഷൻ, സോഷ്യൽ മീഡിയ ആക്ടിവിറ്റീസ്. | 36 മാസം | | BRC LSG SMC OSF |